LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൽജീവൻ മിഷൻ പദ്ധതി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ ജൽജീവൻ മിഷൻ പദ്ധതിക്കായി മുൻ വർഷങ്ങളിൽ അനുവദിച്ച തുകയും അതുസംബന്ധിച്ച വിനിയോഗ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*. 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ജൽജീവൻ പദ്ധതികളുടെ നടത്തിപ്പിന് 101.29 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു. ഈ തുകയിൽ നിന്ന് 62.26 കോടി രൂപ ആ സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. മുൻവർഷത്തെ നീക്കിയിരിപ്പ് തുകയായ 39.02 കോടി ഉൾപ്പെടെ 304.28 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ശേഷിച്ച തുകയായ 38.58 കോടി രൂപ 2021-22 സാമ്പത്തിക വർഷാദ്യം തന്നെ പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ

21(*50) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനും വൈദ്യുതി ഇല്ലാത്തവർക്ക് വൈദ്യുതി എത്തിക്കുന്നതിനും എന്തെല്ലാം നടപടികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): (എ) കണ്ടെത്തിയിട്ടുണ്ട്. 43952 വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത, ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം, വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത് തുടങ്ങിയ തലങ്ങളിലാണ് പ്രധാന വെല്ലുവിളികളുള്ളത്. പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ടാബ്ലെറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ) നമ്പർ 1197/2021/ത.സ്വ.ഭ.വ. തീയതി, 23-6-2021). കൂടാതെ പുതിയ പഠനോപകരണങ്ങൾ ലഭ്യമാകുന്നതുവരെ കൈറ്റ് വഴി സ്കൂളുകൾക്ക് വിതരണം ചെയ്ത ഏതാണ്ട് ഒരു ലക്ഷം പുതിയ ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പട്ടികവർഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധാ) നമ്പർ 3134/2021/പൊ.വി.വ. തീയതി, 25-6-2021). പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളും സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന ഉപകരണങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിനും ടി പ്രവർത്തനങ്ങൾ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ തലത്തിൽ ഏകോപിപ്പിക്കുന്നതിനുമായി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ/അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ ഐ.റ്റി. വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമില്ലാത്ത കോളനികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികൾ നിലവിലുണ്ട്. ടി സ്ഥലങ്ങളിൽ അനെർട്ടിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി കോളനികളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ

22(*52) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. മുകേഷ്:
ശ്രീമതി ദെലീമ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര അക്കാദമി കഴിഞ്ഞ അഞ്ച് വർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്